REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 17-05-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **58-ാമത് ജ്ഞാനപീഠ പുരസ്കാരം ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു സംസ്കൃത പണ്ഡിതൻ ജഗദ്ഗുരു രാം ഭദ്രാചാര്യയ്ക്ക് സമ്മാനിച്ചു.**
- **വയനാട് എൽസ്റ്റൺ എസ്റ്റേറ്റിലെ പുനരധിവാസ ടൗൺഷിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്തെ മഴക്കാല മുന്നൊരുക്കങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ ഉന്നതതല യോഗത്തിൽ തീരുമാനം.**
- **ഒരാഴ്ചയിലേറെ നീണ്ട ഇടവേളയ്ക്ക് ശേഷം IPL ക്രിക്കറ്റ് ഇന്ന് പുനഃരാരംഭിക്കും.**

## വാർത്തകൾ വിശദമായി

58-ാമത് ജ്ഞാനപീഠ പുരസ്കാരം ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു സംസ്കൃത പണ്ഡിതൻ ജഗദ്ഗുരു രാം ഭദ്രാചാര്യയ്ക്ക് സമ്മാനിച്ചു. 2023 ലെ പുരസ്കാരം ഉറുദു കവിയും, ഗാനരചയിതാവുമായ ഗുൽസാറും, രാം ഭദ്രാചാര്യയും പങ്കുവെയ്ക്കുകയായിരുന്നു. അസുഖത്തെ തുടർന്ന് ഗുൽസാറിന് ചടങ്ങിൽ പങ്കെടുക്കാനായില്ല. സാഹിത്യം സമൂഹത്തെ ഐക്യപ്പെടുത്തുകയും ഉണർവിലേക്ക് നയിക്കുകയും ചെയ്യുമെന്ന് രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു. 19-ാം നൂറ്റാണ്ടിലെ നവോത്ഥാനത്തിലും, 20-ാം നൂറ്റാണ്ടിലെ സ്വാതന്ത്ര്യ സമരത്തിലും എഴുത്തുകാരും കവികളും മഹത്തായ പങ്കുവഹിച്ചിട്ടുണ്ടെന്ന് ദ്രൗപതി മുർമു അനുസ്മരിച്ചു.

✪✪✪

രാജ്യത്തെ ധീരസേനാനികളെ ആദരിക്കാൻ സാംസ്കാരിക മന്ത്രാലയം ' ഒരു രാജ്യം, ഒരു ഹൃദയതാളം' എന്ന പരിപാടിയ്ക്ക് തുടക്കമിട്ടു. ഐക്യത്തിന്റെയും, ദേശസ്നേഹത്തിന്റെയും, ദേശീയ പതാകയുടെ ബഹുമാന്യതയുടെയും, സന്ദേശം ജനങ്ങളിലെത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. സാംസ്കാരിക വകുപ്പിനു കീഴിലെ 43 സ്ഥാപനങ്ങൾ ഇതിനകം പരിപാടി വൻ ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചു കഴിഞ്ഞു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ വൻ സ്വീകാര്യതയാണ് പരിപാടിയ്ക്ക് ലഭിക്കുന്നത്.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്, പരം വീര ചക്ര ജേതാവ്, റൈഫിൾമാൻ സഞ്ജയ് കുമാറിനെ അനുസ്മരിക്കുന്നു.

ഡെസ്ക് റിപ്പോർട്ട് ..........

....(VOICE)......

ഹിമാചൽ പ്രദേശിലെ ബിലാസ്പൂർ ജില്ലക്കാരനായ റൈഫിൾമാൻ സഞ്ജയ് കുമാർ 1996 ൽ ജമ്മു കശ്മീർ റൈഫിൾസിലെ 13-ാം ബറ്റാലിയനിൽ ചേർന്നു. കർഗിൽ യുദ്ധസമയത്ത്, മുഷ്കോ താഴ്‌വരയിലെ പോയിന്റ് 4875 ലെ ഏരിയ ഫ്ലാറ്റ് ടോപ്പ് പിടിച്ചെടുക്കാൻ ചുമതലപ്പെടുത്തിയ ടീമിലെ പ്രധാനിയായിരുന്നു റൈഫിൾമാൻ സഞ്ജയ് കുമാർ. ആക്രമണത്തിനിടെ, സ്വന്തം സുരക്ഷയെ അവഗണിച്ച് ആയുധം ഉപയോഗിക്കാതെതന്നെ സഞ്ജയ് കുമാർ മൂന്ന് നുഴഞ്ഞുകയറ്റക്കാരെ വധിച്ചു. ഗുരുതരമായി പരിക്കേറ്റിട്ടും രണ്ടാമതും അദ്ദേഹം ശത്രുവിനെ ആക്രമിച്ചു. മെഷീൻ ഗൺ ഉപേക്ഷിച്ച് ഓടിയ ആക്രമിയെ, അതേ തോക്ക് ഉപയോഗിച്ച് സഞ്ജയ് കുമാർ വധിച്ചു. പ്രദേശം ശത്രുവിന്റെ കൈകളിൽ നിന്ന് അദ്ദേഹവും സംഘവും പിടിച്ചെടുത്തു.

ശത്രുവിനെ നേരിടുന്നതിൽ അസാമാന്യ ധീരതയും, സ്ഥൈര്യവും, കർത്തവ്യ നിർവഹണ സാമർത്ഥ്യവും പ്രകടിപ്പിച്ച റൈഫിൾമാൻ സഞ്ജയ് കുമാറിനെ രാഷ്ട്രം അഭിവാദ്യം ചെയ്യുന്നു. 2022 ഫെബ്രുവരിയിൽ, അദ്ദേഹത്തിന് സുബേദാർ മേജർ പദവി ലഭിച്ചു,

✪✪✪

ഓപ്പറേഷൻ സിന്ദൂർ ദൗത്യ വിജയത്തിന് സൈന്യത്തിനും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും അഭിവാദ്യം അർപ്പിച്ച് കോഴിക്കോട്ടും, കണ്ണൂരും, മലപ്പുറത്തും, പാലക്കാട്ടും, കൊല്ലത്തും തിരംഗ യാത്രകൾ സംഘടിപ്പിച്ചു.

കോഴിക്കോട്ട് മാനാഞ്ചിറ കിഡ്സൺ കോർണറിൽ നിന്ന് ആരംഭിച്ച യാത്ര പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് സമാപിച്ചു. അഖില ഭാരതീയ പൂർവ്വ സൈനിക സേവാ പരിഷത്ത് രക്ഷാധികാരി കേണൽ രമണൻ യാത്ര ഉദ്ഘാടനം ചെയ്തു. BJP സംസ്ഥാന വൈസ് പ്രസിഡന്റ് Pരഘുനാഥ്, ദേശീയ സമിതിയംഗം K.P ശ്രീശൻ, സിറ്റി ജില്ലാ പ്രസിഡന്റ് KP പ്രകാശ് ബാബു തുടങ്ങിയവർ സംബന്ധിച്ചു.

കണ്ണൂരിൽ പ്രഭാദ് ജംഗ്ഷനിൽ നിന്നാരംഭിച്ച യാത്ര യുദ്ധസ്മാരകത്തിൽ സമാപിച്ചു. BJP ദേശീയ സമിതിയംഗം CK പത്മനാഭനും, മറ്റു നേതാക്കളും പങ്കെടുത്തു.

മലപ്പുറം ത്രിപുരാന്തക ക്ഷേത്ര പരിസരത്തു നിന്ന് ആരംഭിച്ച റാലി കുന്നുമ്മലിൽ സമാപിച്ചു. വിരമിച്ച സൈനികരും, നേതാക്കളും പരിപാടിയിൽ പങ്കെടുത്തു.

പാലക്കാട്ട് കോട്ടമൈതാനത്തെ യുദ്ധസ്മാരകത്തിൽ നിന്നാരംഭിച്ച യാത്ര സ്റ്റേഡിയം ബസ് സ്റ്റാൻഡിൽ സമാപിച്ചു.

കൊല്ലത്ത് KSRTC ഡിപ്പോയ്ക്കു സമീപത്തു നിന്നാരംഭിച്ച് ചിന്നക്കട ബസ് ബേയിൽ യാത്ര സമാപിച്ചു.

✪✪✪

വയനാട് എൽസ്റ്റൺ എസ്റ്റേറ്റിലെ പുനരധിവാസ ടൗൺഷിപ്പിന് ഒരു തടസ്സവുമില്ലെന്നും, നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. മുണ്ടക്കൈയിലും, ചൂരൽമലയിലും ഒന്നിച്ച് ജീവിച്ചവർ തുടർന്നും ഒരേ പ്രദേശത്ത് ജീവിക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ചുരുക്കം ചിലരെ മാറ്റിപ്പാർപ്പിക്കുന്ന തരത്തിൽ വീടുകൾ നിർമ്മിക്കാൻ തയ്യാറായി ചില സംഘടനകൾ മുന്നോട്ടുവന്നത് തെറ്റായ സന്ദേശമാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. പ്രതിവാര ടെലിവിഷൻ സംവാദ പരിപാടിയായ നാം മുന്നോട്ടിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

സംസ്ഥാനത്തെ മഴക്കാല മുന്നൊരുക്കങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ തിരുവനന്തപുരത്ത് ഇന്നലെ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. ഈ മാസം 20-നകം ജില്ലാതലത്തിൽ യോഗങ്ങൾ ചേർന്ന്

മഴക്കാല ദുരന്ത സാധ്യതകൾ നേരിടാൻ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് യോഗത്തിൽ അധ്യക്ഷനായിരുന്ന മന്ത്രി K.രാജൻ നിർദ്ദേശം നൽകി. ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ കഴിയുന്നവരുടെ പട്ടിക തദ്ദേശ സ്ഥാപന തലത്തിലും, വില്ലേജ് തലത്തിലും പുതുക്കണം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

മാലിന്യ നിർമാർജനം വേഗത്തിൽ നടത്തുകയും, പൊതു ഇടങ്ങളിൽ മാലിന്യം കെട്ടികിടക്കുന്നില്ലെന്ന് മഴയ്ക്ക് മുൻപായി ഉറപ്പ് വരുത്തുകയും വേണമെന്ന് യോഗത്തിൽ മന്ത്രി നിർദ്ദേശം നൽകി. കൊതുക് നിർമ്മാർജ്ജനം വ്യാപകമായി നടത്തണമെന്നും യോഗത്തിൽ ആവശ്യപ്പെട്ടു. ദേശീയ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് വെള്ളക്കെട്ടുകൾ ഉണ്ടാകാതിരിക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിഹാര പദ്ധതി തയ്യാറാക്കണം.

മെയ് 25-ന് മുൻപ് പൊഴികൾ തുറന്ന് അധികജലം പുറത്തേക്കൊഴുക്കണം. സ്കൂളുകളുടെ സുരക്ഷയും, വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അപകടസാധ്യതാ ബോധവത്ക്കരണവും ഉറപ്പാക്കണമെന്നും നിർദ്ദേശമുണ്ട്. വാർഡ് തലം മുതൽ സംസ്ഥാന തലം വരെ എല്ലാ വകുപ്പുകളും ഏജൻസികളും ഏകോപിതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് K രാജൻ ആവശ്യപ്പെട്ടു. ജില്ലാതലത്തിൽ കളക്ടർമാർക്കും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയ്ക്കുമാണ് ഏകോപന ചുമതല.

✪✪✪

ഇന്ന് ലോക ഹൈപ്പർ ടെൻഷൻ ദിനം. അമിത രക്ത സമ്മർദ്ദത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് അവബോധം വർദ്ധിപ്പിയ്ക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ദേശിയ ഹൈപ്പർ ടെൻഷൻ സൊസൈറ്റിയുടെയും, വേൾഡ് ഹൈപ്പർ ടെൻഷൻ ലീഗിന്റെയും നേതൃത്വത്തിലാണ് എല്ലാ വർഷവും മെയ് 17 ന് ദിനാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

ഇരുപത്തഞ്ച് വർഷത്തിന് ശേഷം നടക്കേണ്ട വികസനമാണ് പിണറായി വിജയൻ ഗവണ്മെന്റ് ഇപ്പോൾ നടപ്പാക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഗവണ്മെന്റിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി

പത്തനംതിട്ട ശബരിമല ഇടത്താവളത്തിൽ എന്റെ കേരളം പ്രദർശന വിപണന കലാമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ സംഘടിപ്പിക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേള വൈകിട്ട് മറൈൻഡ്രൈവിൽ മന്ത്രി P രാജീവ് ഉദ്ഘാടനം ചെയ്യും. ഈ മാസം 23 വരെ നീളുന്ന മേളയിൽ 276 ലധികം  സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

കൊച്ചി ക്യാൻസർ സെൻററിൽ രോഗികളുടെയും സഹായികളുടെയും വിശ്രമത്തിനും താമസത്തിനും സൗകര്യം ഒരുക്കുന്നതിന് അമിനിറ്റി സെൻറർ നിർമ്മിക്കുമെന്ന് മന്ത്രി പി രാജീവ് അറിയിച്ചു. ഇതിനായി BPCL ന്റെ CSR ഫണ്ടിൽ നിന്ന് 11 കോടി രൂപ അനുവദിച്ചതായി അദ്ദേഹം പറഞ്ഞു. അമിനിറ്റി സെൻററിൽ 115 പേർക്ക് താമസ സൗകര്യം ലഭ്യമാകും.

✪✪✪

ഒരാഴ്ചയിലേറെ നീണ്ട  ഇടവേളയ്ക്ക് ശേഷം IPL ക്രിക്കറ്റ് ഇന്ന് പുനഃരാരംഭിക്കും. ബംഗളൂരുവിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ  വൈകിട്ട് ഏഴരയ്ക്ക് നേരിടും.

ഇന്ത്യ-പാകിസ്ഥാൻ സംഘർഷത്തെ തുടർന്ന് ഈ മാസം 9-നാണ് IPL താൽക്കാലികമായി നിർത്തിവെച്ചത്.

✪✪✪

സാഫ് അണ്ടർ -19 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഫൈനലിൽ. മാൽഡീവ്സിനെ മറുപടിയില്ലാത്ത മൂന്ന് ഗോളിന് തകർത്താണ് ഇന്ത്യ ഫൈനൽ ബർത്ത് സ്വന്തമാക്കിയത്. അരുണാചലിലെ യൂപിയ ഗോൾഡൻ ജൂബിലി സ്റ്റേഡിയത്തിലായിരുന്നു മത്സരം.  ഫൈനലിൽ നാളെ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.  വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

ഈ മാസം 30 ന് ആരംഭിക്കുന്ന ഇംഗ്ലണ്ട് പര്യടനത്തിന്  ഇന്ത്യ A ടീമിനെ BCCI പ്രഖ്യാപിച്ചു. അഭിമന്യു ഈശ്വരനെ ക്യാപ്റ്റനായും ധ്രുവ് ജൂറലിനെ വൈസ് ക്യാപ്റ്റനായും പുരുഷ സെലക്ഷൻ കമ്മിറ്റി തിരഞ്ഞെടുത്തു.

✪✪✪

ദോഹ ഡയമണ്ട് ലീഗ് അത്ലറ്റിക്സ് പുരുഷ ജാവലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് രണ്ടാം സ്ഥാനം. 90.23 മീറ്റർ ദൂരം എറിഞ്ഞ് കരിയറിൽ ആദ്യമായി 90 മീറ്റർ കടമ്പ നീരജ് കടന്നു. ജർമ്മനിയുടെ ജൂലിയൻ വെബറാണ് ഒന്നാമത്.

✪✪✪

പയ്യന്നൂരിൽ അഖിലേന്ത്യാ വോളിബോൾ ടൂർണമെന്റ് വനിതാ വിഭാഗത്തിൽ ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറി - സെക്കന്ദരാബാദ് സതേൺ -സെൻട്രൽ റെയിൽവേയെ പരാജയപ്പെടുത്തി.

ഇന്ന് വനിതാ വിഭാഗത്തിൽ കമ്പൈൻഡ് യൂണിവേഴ്സിറ്റി - ബംഗളൂരു ഇൻകം ടാക്സിനെയും, പുരുഷ വിഭാഗം സെമിഫൈനലിൽ മുംബൈ സ്പൈക്കേഴ്സ് -ചെന്നൈ ഇൻകം ടാക്സിനെയും നേരിടും.

✪✪✪

റൊമാനിയയിലെ ബുക്കാറെസ്റ്റിൽ സൂപ്പർബെറ്റ് ചെസ് ക്ലാസിക് കിരീടം ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ R പ്രഗ്നാനന്ദ സ്വന്തമാക്കി. ലോക ചാമ്പ്യൻ D. ഗുകേഷ് ടൂർണമെന്റിൽ ഒമ്പതാം സ്ഥാനം നേടി.

✪✪✪

ആസൂത്രിത ആക്രമണങ്ങളിലൂടെയും പ്രകോപനങ്ങളിലൂടെയും കണ്ണൂരിൽ CPIM കലാപം ഉണ്ടാക്കാൻ ശ്രമിക്കുകയാണെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ആരോപിച്ചു. ക്രിമിനലുകളെ നിയന്ത്രിക്കുന്നതിലും നടപടിയെടുക്കുന്നതിലും ആഭ്യന്തരവകുപ്പ് പരാജയപ്പെട്ടെന്ന് സണ്ണി ജോസഫ് പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിൽ വീണ്ടും സംഘർഷം സൃഷ്ടിച്ച് ജില്ലയെ അരാജകത്വത്തിലേക്ക് തള്ളിവിടാൻ കോൺഗ്രസ്സും CPIM ഉം ശ്രമിക്കുകയാണെന്ന് BJP കണ്ണൂർ നോർത്ത് ജില്ലാ പ്രസിഡണ്ട് K.K വിനോദ് കുമാർ കുറ്റപ്പെടുത്തി. ജില്ലയുടെ സമാധാനന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടി പൊലീസ് വ്യക്തമാക്കണമെന്നും വിനോദ് കുമാർ ആവശ്യപ്പെട്ടു.

✪✪✪

എല്ലാവർക്കും സ്വന്തമായി വീട് ലഭിക്കുമ്പോഴാണ് രാജ്യം യഥാർത്ഥത്തിൽ പുരോഗമിക്കുന്നത് എന്ന് പ്രതിപക്ഷ നേതാവ് V D സതീശൻ പറഞ്ഞു. സ്വന്തമായി ഇടവും വീടും എന്നത് എല്ലാവരുടെയും അവകാശമാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി എറണാകുളം

ജില്ലാ പഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലങ്ങളുടെ ആധാരങ്ങൾ കൈമാറുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു V D സതീശൻ.

✪✪✪

ഇടുക്കി ജില്ലയുടെ കുടിയേറ്റ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ് രാവിലെ ഇടുക്കി പാർക്കിൽ മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. 'ഇൻസ്റ്റലേഷൻ ഓഫ് ഫോട്ടോ ഫ്രെയിംസ് അറ്റ് 7 ലൊക്കേഷൻസ് ' ഇടുക്കി പദ്ധതിയും ഹിൽ വ്യൂ പാർക്കിൽ മന്ത്രി നാടിനു സമർപ്പിക്കും.

✪✪✪

മലപ്പുറം അടയ്ക്കാകുണ്ട് പാറശേരിയിൽ കടുവ ആക്രമണത്തിൽ മരിച്ച ചോക്കാട് കല്ലാമൂല ഗഫൂറലിയുടെ കുടുംബത്തിന് ആദ്യഗഡു ധനസഹായമായി അഞ്ചു ലക്ഷം രൂപ കൈമാറി. 14 ലക്ഷം രൂപയാണ് കുടുംബത്തിന് ധനസഹായം നൽകുന്നത്. നരഭോജി കടുവയെ പിടികൂടാൻ വനംവകുപ്പ് അടയ്ക്കാകുണ്ടിൽ രണ്ട് ക്യാമ്പുകൾ തുറന്നിട്ടുണ്ട്.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത ആനന്ദ്, നിമിഷ ജി*
*DEO: ഷീബ*